ASSISI HSS FOR THE DEAF.

PALACHODE POST.
MALAPARAMBU.
MALAPPURAM.

# ACADEMIC MASTER PLAN

2025.2026

# ASSISI HSS FOR THE DEAF.

MALAPARAMBU.
PALACHODU POST.
MALAPPURAM. 679338.
PH: 9847699075.

# ACADEMIC MASTER PLAN

2025 - 26

# സ്കൂളിനെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : അസ്സീസി ഹയർസെക്കൻഡറി ബധിര വിദ്യാലയം, മാലാപറമ്പ്.
2. വിലാസം : പാലച്ചോട് പി.ഒ
   കൊളത്തൂർ, മലപ്പുറം
   679338
   Ph: 04933 202442
3. സ്കൂൾ കോഡ് : 18766 (HS)
   : 11312 (HSS)
4. വിദ്യാഭ്യാസ ഉപജില്ല : പെരിന്തൽമണ്ണ
5. വിദ്യാഭ്യാസ ജില്ല : മലപ്പുറം
6. റവന്യൂജില്ല : മലപ്പുറം
7. ബി. ആർ. സി : പെരിന്തൽമണ്ണ
8. ഗ്രാമപഞ്ചായത്ത് : പുലാമന്തോൾ
9. ബ്ലോക്ക് പഞ്ചായത്ത് : പെരിന്തൽമണ്ണ
10. ജില്ലാ പഞ്ചായത്ത് : മലപ്പുറം
11. നിയമസഭാ മണ്ഡലം : പെരിന്തൽമണ്ണ
12. ലോകസഭാ മണ്ഡലം : മലപ്പുറം
13. താലൂക്ക് : പെരിന്തൽമണ്ണ
14. വില്ലേജ് : കുരുവമ്പലം
15. ഇ. മെയിൽ : assisischool@gmail.com

## 1. സമഗ്ര ഗുണമേന്മ

പദ്ധതിയുടെ പേര് : നല്ലപാഠം

. അവസ്ഥാവിശകലനം :

ശ്രവണ പരിമിതിയും സംസാരവൈകല്യ-വുമുള്ള കുട്ടികൾക്ക് നല്ല മനുഷ്യനാകാനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'നല്ല പാഠം' പ്രവർത്ത-നങ്ങൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടുത്താതെ കുട്ടികളിലേക്കെത്തിക്കണം. കുട്ടികളുടെ നില-വിലെ ധാരണകൾ മനസിലാക്കുകയും തെറ്റായ അറിവുകൾ തിരുത്തി പുതിയ ധാരണകൾ ശരിയായി രൂപീകരിക്കാൻ ബോധവൽക്കരണം നൽകി വരുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ

- ലഹരിക്കെതിരെ ശക്തമായി പടപൊരുതും എന്ന ബോധ്യം
- മയക്കുമരുന്ന് / ലഹരി ഇവയിൽ നിന്ന് എന്നേക്കും ഞാനൽപ്പെടുന്ന സമൂഹത്തെയും ബോധിപ്പിക്കുക.
- നിയമലംഘനം ശിക്ഷാർഹമാണെന്ന തിരിച്ചറിവ്
- അപകടങ്ങൾ കുറയ്ക്കാനും ഗതാഗത കുരു-ക്കുകൾ ഒഴിവാക്കാനും യാത്രാ സുരക്ഷ ഉറപ്പാക്കാനും ഗതാഗത നിയമങ്ങൾ അനുസരിക്ക-ണമെന്ന ബോധ്യം
- വ്യക്തി ശുചിത്വം പാലിക്കുക
- വീടും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുക

- ആരോഗ്യമുള്ള ഭാവിതലമുറയെ വാർത്തെടുക്കൽ
- മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തൽ
- കായികക്ഷമത മെച്ചപ്പെടുത്തൽ
- സോഷ്യൽ മീഡിയ പക്വതയോടെ ഉപയോഗിക്കണമെന്ന തിരിച്ചറിവ്
- ഡിജിറ്റൽ ഉപകരണങ്ങളുടെ ഗുണ/ദോഷങ്ങൾ തിരിച്ചറിയൽ
- പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ
- പൊതുസ്ഥലങ്ങൾ മലിനമാക്കിയാലുള്ള നിയമനടപടികൾ മനസിലാക്കുന്നു.
- പരസ്പര സഹകരണം പ്രവർത്തന വിജയത്തിന് അത്യന്താപേക്ഷിതമാണെന്ന ബോധ്യം
- വൈകാരിക നിയന്ത്രണമില്ലായ്മയുടെ ദൂഷ്യങ്ങൾ തിരിച്ചറിയുന്നു.

| ക്രമ നമ്പർ | പ്രവർത്തന രീതി | കാലയളവ് | പഠന പിന്തുണാ സംവിധാനം | അവതരണ രീതി/സന്ദർഭം |
|---|---|---|---|---|
| 1 | - വീഡിയോ പ്രദർശനം<br>- ബോധവൽക്കരണക്ലാസ് മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ പൊതുകാര്യങ്ങൾ | 2025 June 3 | SRG അധ്യാപകർ | കുട്ടികൾക്ക് മുമ്പിൽ ക്രോഡീകരിച്ച് പറയുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ട്രാഫിക് നിയമങ്ങൾ എന്നീ കാര്യങ്ങളിൽ ബോധവൽക്കരണ ക്ലാസ്<br>വീഡിയോ പ്രദർശനം | June 4 | SRG SMC അധ്യാപകർ | ക്രോഡീകരിച്ച് അവതരണം |

| | | | | |
|---|---|---|---|---|
| 3 | - വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നി വിഷയങ്ങളിൽ ബോധവൽക്കരണക്ലാസ്<br>- വീഡിയോ പ്രദർശനം | 2025 June 5 | SRG SMC അധ്യാപകർ | പൊതുസദസ്സിൽ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു. |
| 4 | - ആരോഗ്യം, വ്യായാമം കായികക്ഷമത എന്നീ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസ്<br>- സുംബാ ഡാൻസ് പരിശീലനം | ജൂൺ 9 | SRG SMC അധ്യാപകർ | സുംബാ ഡാൻസ് അവതരണം |
| 5 | - ഡിജിറ്റൽ അച്ചടക്കത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് | ജൂൺ 10 | SRG SMC | പൊതുവേദിയിൽ മൊബൈലിന്റെ ദൂഷ്യഫലങ്ങൾ അവതരണം |
| 6 | പൊതുമുതൽ - വീഡിയോ പ്രദർശനം<br>- പൊതുമുതൽ സംരക്ഷണത്തെ കുറിച്ചുള്ള വീഡിയോ ക്ലാസ് | ജൂൺ 11 | SRG SMC അധ്യാപകർ | കുട്ടികൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 7. | - പരസ്പര സഹകരണം എന്ന വിഷയവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്<br>- വീഡിയോ പ്രദർശനം<br>- Skit പരിശീലനം | ജൂൺ 12 | SRG<br>SMC<br>അധ്യാപകർ | ക്രോഡീകരിച്ച് പറയൽ<br>- Team work<br>Skit അവതരണം |
| 8 | - കുട്ടികൾ എല്ലാക്കാര്യങ്ങളും ഗ്രഹിച്ചോ എന്ന് ചോദ്യങ്ങളിലൂടെ മനസ്സിലാക്കുന്നു.<br>- എല്ലാ വിഷയങ്ങളുടെയും പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി പൊതു ക്രോഡീകരണം - അധ്യാപിക<br>- 7 ബോധവൽക്കരണ ക്ലാസുകളും ഉൾപ്പെട്ട വീഡിയോ പ്രദർശനം | ജൂൺ 13 | SRG<br>SMC<br>അധ്യാപകർ | കുട്ടികളുടെ പൊതു ക്രോഡീകരണം. |

## 2. വായന പരിപോഷണം

പദ്ധതിയുടെ പേര് ; ബുക്ക് റിവ്യൂ

അവസ്ഥാ വിശകലനം:

ശ്രവണപരിമിതിയും സംസാരവൈകല്യവുമുള്ള കുട്ടികൾക്ക് ഭാഷാവികസനം സാധ്യമാക്കുന്നതിനും പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ രണ്ടാഴ്ചയിലൊരിക്കൽ കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ കൊടുത്ത് കൊണ്ട് പുസ്തക രചനാ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാനുള്ള പരിശീലനങ്ങൾ നല്കുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ

- ആസ്വാദനപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ
- ഓരോ കുട്ടിയുടെയും വായനാശേഷി വികസിപ്പിക്കുക.
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കുട്ടികളിൽ വായനാശീലം വളർത്തുക
- അക്ഷരങ്ങളും വാക്കുകളും വാചകങ്ങളും തിരിച്ചറിഞ്ഞ് വായിക്കുന്നതിൽ പ്രാവിണ്യം നേടുക
- അധിക വായനക്ക് പ്രാധാന്യം കൊടുക്കുക
- പദസമ്പത്ത് വർദ്ധിപ്പിക്കുക
- എഴുത്തിൽ താല്പര്യം നേടുക
- സ്വതന്ത്രമായി സംഭാഷണം, വിവരണം, പോസ്റ്റർ, എന്നിവ തയ്യാറാക്കുന്നതിൽ കഴിവുള്ളവരാകുക
- വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ
- എല്ലാകുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് (സമയക്രമം) | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | SRG | |
| 2. | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യ വാരം | class PTA | |
| 3 | പുസ്തകങ്ങളെ സംഘടിപ്പിക്കൽ | ജൂൺ 19 | PTA<br>SMC<br>പൂർവ്വവിദ്യാർത്ഥികൾ<br>SRG | |
| 4 | പുസ്തകവായന - അധ്യാപകർ<br>പുസ്തകപരിചയക്കുറിപ്പ് - അധ്യാപകർ | ജൂൺ 19 | School Library | ക്ലാസിൽ പുസ്തക പരിചയക്കുറിപ്പ് അവതരണം |
| 5 | പുസ്തകവായന - കുട്ടികൾ<br>ബുക്ക് റിവ്യൂ - കുട്ടികൾ<br>- ആദ്യപൊതു അവതരണം<br>- വായനാക്കുറിപ്പുകൾ പ്രദർശനം | ജൂൺ 23<br>ജൂലൈ/ ആഗസ്റ്റ് | സ്കൂൾ ലൈബ്രറി | ബുക്ക് - റിവ്യൂ അസംബ്ലിയിൽ അവതരണം |
| | - എല്ലാ കുട്ടികളുടെയും രചനാക്കുറിപ്പുകളുടെ പ്രകാശനം | ഫെബ്രുവരി | | പഠനോത്സവം |

## 3. ഭാഷാവികസനം

പദ്ധതിയുടെ പേര് : വിദ്യാദീപം

### അവസ്ഥാ വിശകലനം

ശ്രവണ പരിമിതിയും സംസാര വൈകല്യവുമുള്ള കുട്ടികൾക്ക് ഭാഷാവികസനം സാധ്യമാകുന്നതിനും പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി കുട്ടികളിലെ സംസാരശേഷിയും പഠനനിലവാരവും പരിഗണിച്ച് LP, UP, HS, HSS ക്ലാസുകളിലെ കുട്ടികളെ രണ്ട് ലെവലിലുള്ള ഗ്രൂപ്പുകളാക്കി രണ്ട് അധ്യാപകർ വീതം ഓരോ ഗ്രൂപ്പിനും ആവശ്യമായ പഠനപ്രവർത്തനങ്ങൾ നല്കുന്നു. ഈ പദ്ധതിയിൽ IEP യ്ക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- ഓരോ കുട്ടിയുടെയും നിലവാരം ഉയർത്തുക
- ഭാഷാപരമായ നൈപുണ്യം വളർത്തുക
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കുക
- അക്ഷരങ്ങളും പദങ്ങളും വാചകങ്ങളും തിരിച്ചറിഞ്ഞ് നോക്കി വായിക്കുന്നതിൽ പ്രാവിണ്യം നേടുക.
- എഴുത്തിൽ താല്പര്യം ജനിപ്പിക്കുക
- പദസമ്പത്ത് വർദ്ധിപ്പിക്കുക
- സ്വതന്ത്രമായി സംഭാഷണം, വിവരണം, പോസ്റ്റർ എന്നിവ തയ്യാറാക്കുന്നതിൽ കഴിവുള്ളവരാക്കുക

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | കുട്ടികളെ പഠനനിലവാരമനുസരിച്ച് ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ നിലവാരക്കാർക്കും അനുയോജ്യമായ പഠനസന്ദർഭങ്ങൾ ഒരുക്കുന്നു. | ജൂൺ to മാർച്ച് | SRG SMC | ക്ലാസ്സിൽ |
| | - അക്ഷരങ്ങൾ തിരിച്ചറിയൽ<br>- കേട്ടെഴുത്ത്<br>- അക്ഷരങ്ങളുടെ ഉച്ചാരണം. | ജൂൺ | | ക്ലാസ്റൂം |
| | - അക്ഷരകാർഡുകളിൽ നിന്ന് പറയുന്നു. [പറയുന്ന അക്ഷരങ്ങൾ<br>- അക്ഷരങ്ങൾ ചേർന്ന ധാരാളം വാക്കുകൾ കണ്ട് പിടിക്കൽ | | | |
| | - അക്ഷരങ്ങൾ അക്ഷരമാലാക്രമത്തിൽ എഴുതുന്നു.<br>- അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടുന്നു.<br>- പദനിഘണ്ടു തയ്യാറാക്കുന്നു. | ജൂലൈ | അധ്യാപകർ | ക്ലാസ്റൂം |
| | - ചിത്രം കണ്ട് വിവരണം തയ്യാറാക്കുന്നു. | ആഗസ്റ്റ് | അധ്യാപകർ | ക്ലാസ്റൂം |
| | - പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുന്നു. | ജൂൺ 18 | അധ്യാപകർ | ക്ലാസിൽ |
| | - വായനാ ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ 24<br>ജൂൺ 20 | അധ്യാപകർ | ക്ലാസിൽ |
| | ഗദ്യഭാഗം വായിച്ച് ഉത്തരം കണ്ടെത്തൽ | 23 | അധ്യാപകർ | ക്ലാസിൽ |

| | | | | |
|---|---|---|---|---|
| | കഥപറയൽ | | | |
| 2. | ക്ലാസ് ലൈബ്രറിയുടെ പുനഃക്രമീകരണം | ജൂൺ | SRG അധ്യാപകർ | ക്ലാസിൽ |
| 3. | കുട്ടികളെ ചെറിയ ഗ്രന്ഥപാഠകഥകൾ പഠിപ്പിക്കുകയും പറയിപ്പിക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് | അധ്യാപകർ | അസംബ്ലിയിൽ PTA |
| 4 | PSC പരീക്ഷയ്ക്ക് സഹായകമായ ചോദ്യങ്ങൾ കൊടുത്ത് പഠിപ്പിക്കുന്നു. | ജൂൺ to മാർച്ച് | അധ്യാപകർ | |
| 5. | മഹാൻമാരെ കുറിച്ച് ആൽബം തയ്യാറാക്കുകയും വിവരണങ്ങൾ എഴുതിക്കുകയും ചെയ്യുന്നു. | ദിനാചരണങ്ങളിൽ | SRG | അസംബ്ലിയിൽ |
| 6. | ഗാന്ധി ജയന്തിയുമായി ബന്ധപ്പെട്ട് ഗാന്ധിയൻ മാസികകൾ തയ്യാറാക്കുന്നു.<br>- ജീവചരിത്രം കുറിപ്പ് എഴുതുന്നു.<br>- ഗാന്ധി സ്മരണ ഉണർത്തുന്ന ചിത്രങ്ങൾ വരയ്ക്കുന്നു. | ഒക്ടോബർ | അധ്യാപകർ | അസംബ്ലിയിൽ |
| 7. | മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ ചിത്ര ആൽബം തയ്യാറാക്കുന്നു. | ജൂലൈ ആഗസ്റ്റ് | അധ്യാപകർ | ക്ലാസിൽ |

| | | | | |
|---|---|---|---|---|
| 8. | സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട്<br>- സ്വാതന്ത്ര്യസമര സേനാനികളുടെ വീഡിയോ പ്രദർശനം<br>- ദേശീയ പതാക നിർമ്മാണം<br>- ക്വിസ് മത്സരം<br>- സ്വാതന്ത്ര്യദിന സന്ദേശം പറയുന്നു. | ആഗസ്റ്റ് | SMC<br>SRG<br>അധ്യാപകർ | അസംബ്ലിയിൽ<br>ക്ലാസിൽ |
| 9. | ലോക ഭക്ഷ്യദിനവുമായി ബന്ധപ്പെട്ട്<br>- പാചകക്കുറിപ്പ് തയ്യാറാക്കുന്നു. | ഒക്ടോബർ | അധ്യാപകർ | ക്ലാസിൽ |
| 10. | കേരളപ്പിറവി ദിനത്തിൽ 'എന്റെ ഗ്രാമം' ചിത്രം വരച്ച് വിവരണം തയ്യാറാക്കുന്നു. | നവംബർ | അധ്യാപകർ | ക്ലാസിൽ |
| 11 | സ്കൂൾ പത്രങ്ങൾ തയ്യാറാക്കുന്നു. | ആഗസ്റ്റ്<br>നവംബർ<br>ഫെബ്രുവരി | അധ്യാപകർ | അസംബ്ലിയിൽ<br>PTA |
| 12. | ക്ലാസ് ഡയറി.<br>- അസംബ്ലിയിൽ ഡയറി വായന<br>- Biodata തയ്യാറാക്കൽ (English & Malayalam) | | അധ്യാപകർ | അസംബ്ലിയിൽ |

## 4. ശാസ്ത്ര പഠനം

പദ്ധതിയുടെ പേര് : ശാസ്ത്രപോഷണം

അവസ്ഥാവിശകലനം :

ശാസ്ത്രാഭിരുചി വളർത്തുന്നതിന് പ്രക്രിയാധിഷ്ഠിതമായ ശാസ്ത്ര പഠനത്തിലൂടെ കുട്ടികളെ പ്രാപ്തരാക്കി മാറ്റുക. ശാസ്ത്രീയമായ അറിവുകളിൽ സമ്പന്നരാകാൻ ശാസ്ത്രജ്ഞരുമായും പ്രയോഗങ്ങളും ക്ലാസ് റൂം സംബന്ധിയാക്കുക. പ്രക്രിയാധിഷ്ഠിതമായ പഠനരീതി സാധ്യമാക്കുക

പ്രതീക്ഷിത നേട്ടങ്ങൾ

- ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ
- ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക
- ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്രാഭിരുചി വളർത്തൽ
- ശാസ്ത്രീയ രീതി പരിശീലിക്കൽ
- ശാസ്ത്ര പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം ലഭ്യമാക്കൽ.
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളിലൂടെ മനസിലാക്കുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | ജൈവവൈവിധ്യ പാർക്ക്<br>- ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം എന്നിവ നവീകരിച്ചുകൊണ്ട് ജൈവവൈവിധ്യ പാർക്ക് വിപുലമാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 2. | പരീക്ഷണക്കളരി<br>- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു.<br>- പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു | June to March | ശാസ്ത്രാധ്യാപകർ | ശാസ്ത്ര ലാബ് ക്ലാസ്സും |
| 3. | എക്സ്പോ<br>- ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടുപിടുത്തങ്ങൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒരു ദിവസം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | സ്കൂൾ ഹാൾ |
| 4 | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ | | | |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ജൂൺ to മാർച്ച് | ശാസ്ത്രാധ്യാപകർ | IT-ലാബ്<br>Common Hall |
| 5. | പരിസ്ഥിതി സംരക്ഷണം<br>- പരിസര ശുചീകരണം<br>- വൃക്ഷത്തൈ നടീൽ<br>- സസ്യപരിപാലനം | June-July | ശാസ്ത്രാധ്യാപകർ | |
| 6. | ശാസ്ത്രലാബ് നവീകരണം<br>- UP, HS ക്ലാസുകളിലെ ശാസ്ത്രപരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>- ഉപകരണങ്ങളുടെ ക്രമീകരണം. | | ശാസ്ത്രാധ്യാപകർ | ക്ലാസ്സും |
| 7 | ശാസ്ത്രപോഷണം<br>- ശാസ്ത്രപുസ്തകങ്ങളും മാസികകളും ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. | ജൂലൈ | ശാസ്ത്രാധ്യാപകർ | ക്ലാസ്സ്റൂമിൽ |
| 8. | ശാസ്ത്രയാത്രകൾ<br>- പരിസര നിരീക്ഷണം, ജൈവവൈവിധ്യപാർക്ക് സന്ദർശനം, പേപ്പർ നിർമ്മാണശാല, വസ്ത്ര വ്യവസായശാല | ഒക്ടോബർ നവംബർ | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എന്നിവയിലേക്കുള്ള യാത്രകൾ | | | |
| 9 | ശാസ്ത്ര ആൽബം<br>- ശാസ്ത്രകാരൻമാരുടെ കണ്ടുപിടിത്തങ്ങളും ജീവചരിത്രങ്ങളുമുൾപ്പെടുത്തിയ ശാസ്ത്ര ആൽബം തയ്യാറാക്കുന്നു. | ജൂൺ to മാർച്ച് | Parents, അധ്യാപകർ | |
| 10. | പച്ചക്കറിത്തോട്ട നിർമ്മാണം<br>- കാർഷിക സംസ്കാരത്തെ പരിപോഷിപ്പിക്കാനും പ്രകൃതിയോടിണങ്ങി ജീവിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ to ആഗസ്റ്റ് | ശാസ്ത്ര ക്ലബ് | |
| 11 | ക്ലാസ് PTA സജീവമാക്കൽ<br>- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനായി ഓരോ ടേമിലും ക്ലാസ് പി.ടി.എ യോഗം ചേരുന്നു. | ഓഗസ്റ്റ് ജനുവരി മാർച്ച് | അധ്യാപകർ | |

## 5. സാമൂഹ്യശാസ്ത്ര പഠനം

പദ്ധതിയുടെ പേര്: സാമൂഹ്യശാസ്ത്രപഠനം ലഘുവാക്കാം.

അവസ്ഥാ വിശകലനം: സാമൂഹ്യശാസ്ത്ര പഠനം കുട്ടികൾക്ക് പ്രയാസകരമാണ്. ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയാത്തതാണ് പ്രശ്നം. ICT സാധ്യതകളുപയോഗിച്ച് പഠനം രസകരമാക്കുന്നു. കുട്ടികൾക്ക് വിവരശേഖരണത്തിനും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും കൂടുതൽ അറിവ് ലഭ്യമാക്കുന്നതിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണെന്ന് മനസ്സിലാക്കി സാമൂഹ്യശാസ്ത്രലാബിന്റെ നവീകരണവും നടത്തുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
- സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക
- സാമൂഹിക മൂല്യങ്ങൾ വളർത്തുക
- ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക.
- പൈതൃക സമ്പത്തിനെ കുറിച്ച് ബോധവാന്മാരാക്കുക
- സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരന്മാരായി വളരുക
- പൗരധർമ്മം വളർത്തുക

- സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.
- വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>- സാമൂഹ്യശാസ്ത്ര പഠനത്തിന് നവീകരിച്ച ഒരു ലാബ് സജ്ജീകരിക്കുന്നു. ലാബിൽ; ഗ്ലോബ്, അറ്റ്ലസ് ഭൂപടങ്ങൾ മറ്റ് സാമൂഹ്യശാസ്ത്ര പഠനസാമഗ്രികൾ ഇവ സജ്ജീകരിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. | മാപ്പ് വരക്കൽ<br>- വിവിധ സ്ഥലങ്ങളുടെ റൂട്ട് മാപ്പ് വരയ്ക്കുന്നു.<br>- | ജൂലൈ | അധ്യാപകർ | |
| 3. | പൊതു സമ്മേളനങ്ങൾ<br>- പൂർവ്വ വിദ്യാർത്ഥി സമ്മേളനം<br>- പൂർവ്വ അധ്യാപക സമ്മേളനം | ജൂലൈ to നവംബർ | PTA<br>SRG<br>SMC | |

| | | | | |
|---|---|---|---|---|
| | - പി.ടി.എ യോഗങ്ങൾ | ജൂൺ to മാർച്ച് | PTA അധ്യാപകർ | സ്കൂൾ ഓഡിറ്റോറിയം |
| 4 | ശേഖരണം<br>- ചരിത്രസ്മാരകങ്ങളുടെ രൂപങ്ങൾ, ചിത്രങ്ങൾ<br>- പുരാവസ്തുക്കൾ<br>- നാണയങ്ങൾ<br>- സ്റ്റാമ്പ് ശേഖരണം<br>ഇവയെല്ലാം ശേഖരിച്ച് സാമൂഹ്യശാസ്ത്ര ലാബിൽ സൂക്ഷിക്കുന്നു. | ജൂൺ to മാർച്ച് | PTA അധ്യാപകർ | |
| 5. | ഗ്ലോബ്<br>- രേഖാംശം, അക്ഷാംശം, സമയനിർണയം, പ്രദേശങ്ങളുടെ സ്ഥാനങ്ങൾ എന്നിവ കണ്ടെത്താനും സൂര്യന്റെ സാങ്കല്പിക സ്ഥാനം കണ്ടെത്തുന്നതിനും ഗ്ലോബ് ഉപയോഗപ്പെടുത്തുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## 6. ഗണിതശാസ്ത്ര പഠനം

പദ്ധതിയുടെ പേര് : ഗണിതം മധുരം

അവസ്ഥാവിശകലനം : ശ്രവണ പരിമിതിയും സംസാരശേഷിയും കുറവുള്ള കുട്ടികൾക്ക് ഗണിത ക്രിയകൾ ചെയ്യാൻ അതിയായ താല്പര്യമുണ്ട്. പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിനും മറ്റും അവരുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ തടസ്സമാകാറുണ്ട്. അത് പരിഹരിക്കാനായി കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ധാരാളം പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു
- രസകരമായ ഗണിതശാസ്ത്ര പഠനവും കാരചലന ശേഷികളുടെ വികാസവും
- ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ
- ഗണിതം മധുരമാക്കൽ
- ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.
- വിവിധ ശേഷികളുടെ വികസനം

- വിവിധ ശേഷികളുടെ വികസനം
- സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന.... രീതി വിശദീകരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | പഠന പിന്തുണ സംവിധാനം | അവതരണ രീതി/സന്ദർഭം |
|---|---|---|---|---|
| 1. | ഗണിതലാബ്<br>- ഗണിത പഠനത്തിനാവശ്യമായ വസ്തുക്കൾ ലാബിൽ ക്രമീകരിക്കുന്നു. | ജൂൺ മാസം | S.R.G<br>ഗണിത ക്ലബിലെ അംഗങ്ങൾ | ക്ലാസിൽ |
| 2. | ഗണിത ശിൽപ്പശാല<br>-കളി രീതിയിലൂടെ ഗണിത-കേളികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | ഫെബ്രുവരി | ഗണിത അധ്യാപകർ | പഠനോത്സവം |
| 3. | ഒറിഗാമി ശിൽപ്പശാല<br>- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ഫെബ്രുവരി | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് അംഗങ്ങൾ | പഠനോത്സവം |
| 4 | ജ്യാമിതീയ രൂപ നിർമ്മാണം<br>- വിവിധ തരത്തിലുള്ള | ആഗസ്റ്റ് | | ക്ലാസിൽ |

| | | | |
|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. (ക്യൂബ്, ത്രികോണസ്തംഭം, വൃത്തസ്തംഭം. etc)<br>- ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ | ഗണിത അധ്യാപകർ | ക്ലാസിൽ |
| - ജ്യാമിതീയ രൂപങ്ങൾ വരച്ച് പേരെഴുതി വെട്ടിയെടുത്ത കാർഡുകൾ നല്കിക്കൊണ്ട് അവ തിരിച്ചറിയാൻ പഠിപ്പിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | ക്ലാസിൽ |
| 5 ഐ.ടി സാധ്യതകളിലൂടെ<br>- ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ജൂൺ to മാർച്ച് | ഗണിത അധ്യാപകർ | കമ്പ്യൂട്ടർ ലാബിൽ |
| 6. ഗണിത ക്ലിനിക്ക്:<br>- ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നല്കുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ | ക്ലാസിൽ |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| | - ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാനായി വർക്ക് ഷീറ്റുകൾ, സംഖ്യാകാർഡുകൾ, അക്കച്ചിലന്തി, സംഖ്യാഗോപുരം എന്നീ പ്രവർത്തനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | ക്ലാസിൽ |
| | - എൽപി ക്ലാസുകളിൽ ഗണിത പഠനം രസകരമാക്കാനായി ഡൈസ്കളി, സംഖ്യാ പമ്പരം, പാമ്പും കോണിയും ... എന്നിങ്ങനെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ SRG | ക്ലാസിൽ |
| 7 | ദിനാചരണം<br>- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | അസംബ്ലിയിൽ |
| 8 | ജിയോജിബ്ര<br>- ജിയോജിബ്രയുടെ സഹായത്തോടെ സംഖ്യാജോടികൾ അടയാളപ്പെടുത്താനും ഒരു ബിന്ദു തന്നാൽ അതിനെ | ഡിസംബർ | ഗണിത അധ്യാപകർ | |

| | | | |
|---|---|---|---|
| സൂചിപ്പിക്കുന്ന സംഖ്യാ ജോടി കണ്ടെത്തുന്നതിനും സംഖ്യാജോടികൾ അടയാളപ്പെടുത്തി യോജിപ്പിച്ച് ചിത്രം വരയ്ക്കാനും പഠിപ്പിക്കുന്നു. | | | |
| - ജിയോജിബ്രയുടെ സഹായത്തോടെ സംഖ്യാരേഖ പരിചയപ്പെടുത്തിക്കൊണ്ട് അതിലെ രണ്ട് ബിന്ദുക്കൾ തമ്മിലുള്ള അകലം കാണുന്നതിന് പഠിക്കുന്നു. | ഡിസംബർ | ഗണിത അധ്യാപകർ | IT ലാബിൽ |
| - ഫലനരൂപങ്ങൾ ചിത്രസഹായത്തോടെയും ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയും പഠിപ്പിക്കുന്നു (വ്യാപ്തം, ഉപരിതല പരപ്പളവ് മുതലായ ആശയങ്ങൾ) | ജനുവരി | ഗണിത അധ്യാപകർ | ICT ലാബിൽ |

## 7. സ്പീച്ച്

പദ്ധതിയുടെ പേര്: ശ്രവണ സംസാര പരിശീലനം

അവസ്ഥാ വിശകലനം: കേൾവി പരിമിതിയുള്ള കുട്ടികളുടെ ശ്രവണ-സംസാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസാരഭാഷാ പരിശീലനം
- ഓഡിറ്ററി ട്രെയിനിംഗ്
- ശ്രവണ പരിമിതി കണ്ടെത്തി പരിശീലനം നൽകൽ
- അക്ഷരങ്ങളുടെ ഉച്ചാരണം ഉറപ്പിക്കൽ
- വാക്കുകളും വാചകങ്ങളും സംഭാഷണങ്ങളും കഥകളും ഉച്ചാരണ ശുദ്ധിയോടെ വ്യക്തമായി പറയുന്നതിനുള്ള പരിശീലനം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | പഠന പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | ശ്രവണ പരിമിതി കണ്ടെത്തൽ<br>- ഓഡിയോഗ്രാം എടുക്കൽ - ടെസ്റ്റ് നടത്തി അനുയോജ്യമായ ഹിയറിംഗ് എയ്ഡ് നൽകുന്നു. | ജൂൺ | SRG Club | ഓഡിയോളജി റൂം. |
| 2. | സ്പീച്ച് തെറാപ്പി<br>- അക്ഷരങ്ങൾ പറയാനുള്ള പരിശീലനം<br>- അക്ഷരങ്ങൾ ചേർന്നുള്ള | ജൂൺ to മാർച്ച് | | അസംബ്ലിയിൽ |

## 8. പ്രവൃത്തി പരിചയം

പദ്ധതിയുടെ പേര് : സ്വയം തൊഴിൽ പരിശീലനം

അവസ്ഥാവിശകലനം :

ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിശീലനങ്ങൾ സ്കൂളിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ജീവിത നൈപുണി മെച്ചപ്പെടുത്താനായി സ്വയം തൊഴിൽ പരിശീലന പദ്ധതി നിലവിലുണ്ട്.

### പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക
- കൂട്ടായ പ്രവർത്തനം ജീവിതവിജയത്തിന് സഹായകമാകുന്നു.
- സ്വയം പര്യാപ്തത നേടുന്നു.
- തൊഴിൽ പരിശീലനത്തിനുള്ള കഴിവ് വർദ്ധിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1. | സ്വയം തൊഴിൽ പരിശീലനം | - കുട നിർമ്മാണം<br>- പൂക്കൾ നിർമ്മാണം<br>- ചവിട്ടി നിർമ്മാണം<br>- ചന്ദനത്തിരി നിർമ്മാണം<br>- ചൂരൽ കൊട്ട നിർമ്മാണം<br>- ചിരട്ട, പാഴ്വസ്തുക്കൾ...... etc | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | |
|---|---|---|---|
| 2 | ബ്ലൗസ് തയ്യൽ | - മിഷൻ തയ്യലിൽ പരിശീലനം<br>- സാരി ബ്ലൗസ്, ഫ്രോക്ക് മുതലായവയുടെ തയ്യൽ പഠിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ നവംബർ |
| 3. | എംബ്രോയിഡറി | - തുണികളിൽ അക്ഷരങ്ങൾ, ഇലകൾ, പൂക്കൾ, കായ്കൾ എന്നിവയെല്ലാം തയ്ക്കുന്നതിനുള്ള പരിശീലനം. | |

## ൭. കലാവിദ്യാഭ്യാസം

പദ്ധതിയുടെ പേര് : കലാപരിപോഷണം

അവസ്ഥാ വിശകലനം :

കലകളിൽ മിടുക്കരായ മക്കളാണിവർ. കഴിവുകളെ വികസിപ്പിക്കാനും പ്രോത്സാഹനങ്ങൾ ലഭിക്കാനുമുള്ള വേദികളാണാവശ്യം. നാടകം, സിനിമ തുടങ്ങിയ വിവിധ കലാരൂപങ്ങളെ കുറിച്ച് പഠിക്കുകയും വേണ്ടത്ര പരിശീലനത്തോടെ സംസ്ഥാന കലോത്സവത്തിനും അനിവേഴ്സറിക്കും അഭിനയിക്കുകയും ചെയ്യുന്നു. മെച്ചപ്പെട്ട ചിത്രകലാ പരിശീലനത്തിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പ്രതീക്ഷിത നേട്ടങ്ങൾ

- വിവിധ കലകൾ പരിചയപ്പെടുന്നു.
- കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക
- കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക
- സ്വയം പര്യാപ്തത നേടുന്നു.
- കൂട്ടായ പ്രവർത്തനത്തിലേർപ്പെടുന്നു.
- ജീവിത നൈപുണി വളരുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | ചിത്രരചന<br>- ചിത്ര രചനയ്ക്കുപയോ- | | | |

| | | | | |
|---|---|---|---|---|
| | ശിക്കാവുന്ന വിവിധ മാധ്യമങ്ങൾ പരിചയപ്പെടുന്നു. പ്രയോഗിക്കുന്നു.<br>- Digital Art ന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>- കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നു. | ജൂൺ to ഫെബ്രു വരി | ചിത്രകലാ ധ്യാപകർ | IT ക്ലാസിൽ<br>അസംബ്ലി യിൽ |
| 2 | Clay Modeling<br>- മണ്ണ് കൊണ്ടുള്ള ശില്പങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ | ആഗസ്റ്റ് to | ചിത്രകലാധ്യാപകർ | സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ |
| 3. | Fabric Painting<br>- തുണിയിൽ ചിത്രം വരയ്ക്കുന്നു. | നവംബർ | ചിത്രകലാധ്യാപകർ | ക്ലാസിൽ |
| 4 | Vegetable Printing<br>-പച്ചക്കറികൾ മുറിച്ച് ചായം മുക്കി തുണിയിൽ ചിത്രങ്ങൾ ചെയ്യുന്നു.<br>- മറ്റ് കലാപഠന വിഷയങ്ങളായ സിനിമ, നാടകം നൃത്തം തുടങ്ങിയ കലാരൂപങ്ങളെ കുറിച്ച് പഠിക്കുന്നു. | August to January | ചിത്രകലാധ്യാപകർ | സംസ്ഥാന പ്രവൃത്തി പരിചയ മേള |

## 10 കായികം

പദ്ധതിയുടെ പേര് : കായികക്ഷമതാ പരിശീലനം

അവസ്ഥാ വിശകലനം :

ശ്രവണ പരിമിതിയുള്ള കുട്ടികൾക്ക് ആരോഗ്യം, വ്യായാമം, കായികക്ഷമത ഇവ ഉറപ്പാക്കേണ്ടതുണ്ട്. മെച്ചപ്പെട്ട കായിക പരിശീലനത്തിലൂടെ കായിക വിദ്യാഭ്യാസം നേടിയെടുക്കണം.

### പ്രതീക്ഷിത നേട്ടങ്ങൾ

- കായിക പരിശീലനം കാര്യക്ഷമമാക്കൽ
- വ്യായാമത്തിലൂടെ ആരോഗ്യം നേടിയെടുക്കൽ
- കായിക മത്സരങ്ങൾ ഊർജ്ജിതമാക്കൽ
- ആരോഗ്യമുള്ള ഭാവിതലമുറയെ വാർത്തെടുക്കൽ
- കായികക്ഷമത കൈവരിക്കുന്നതിന് .
- മാനസികാരോഗ്യം വളർത്തുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | പഠന പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| 1. | ഇൻഡോർ ഗെയിംസ്<br>- ചെസ്<br>- ക്യാരംസ് | ജൂൺ ജൂലൈ | PTA ക്ലബ്ബുകൾ | |
| 2. | സ്പോർട്സ് കിറ്റ്<br>- ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ്, ക്രിക്കറ്റ് ബോൾ, റിംഗ്സ് | | PTA പൂർവ്വ വിദ്യാർത്ഥികൾ | |

| | | | | |
|---|---|---|---|---|
| | സ്കിപ്പിംഗ് റോപ്പ്, ഷട്ടിൽ, ബാറ്റുകൾ, മുതലായ ഉപകരണങ്ങളുടെ ഒരു കിറ്റ് തയ്യാറാക്കുന്നു. | | | |
| 3. | കായിക മത്സരം<br>- സ്കൂൾ തല മത്സരം<br>- ജില്ലാ തല മത്സരം<br>- സംസ്ഥാനതല മത്സരം<br>- ദേശീയ തല മത്സരം<br>വിജയികളായവരെ എല്ലാ തലങ്ങളിലും പങ്കെടു-പ്പിക്കുന്നു. | ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി | അധ്യാപകർ<br>PTA | സ്കൂളിൽ |
| 4 | കായികതാരങ്ങൾക്ക് - അവാർഡ്.<br>- സ്കൂൾ, ജില്ലാ, സംസ്ഥാന ദേശീയ തലത്തിൽ വിജയികളാകുന്നവർക്ക് അവാർഡ് നൽകുന്നു. | മാർച്ച് | SRG<br>PTA | ആനിവേഴ്സറി |
| 5. | കായികക്ഷമതാ പരിശീലനം<br>- ഓട്ടം<br>- ചാട്ടം<br>- ഷോട്ട് എറിയൽ | ജൂലൈ to ഡിസംബർ | PT അധ്യാപകൻ | ഗ്രൗണ്ടിൽ |
| 6 | സൂംബാ പരിശീലനം | ജൂൺ to മാർച്ച് | കായിക അധ്യാപകൻ | അസംബ്ലി |

## 11 സമഗ്ര

പദ്ധതിയുടെ പേര് : ആധുനിക സമഗ്രാസൂത്രണം

അവസ്ഥാവിശകലനം :

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യയ്ക്കനുസരിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് സമഗ്ര എന്ന സാങ്കേതിക വിദ്യ അത്യാവശ്യമാണ്. SRG കൂടിയതിനുശേഷം അധ്യാപകർ വിഷയാടിസ്ഥാനത്തിൽ സമഗ്രാസൂത്രണം സൂക്ഷ്മതലാസൂത്രണം എന്നിവ തയ്യാറാക്കി. അനുയോജ്യമായി edit ചെയ്ത ടീച്ചർ പ്ലാൻ നൂതനവും ഫലപ്രദവും ആകർഷകവുമാക്കി. തുടർന്ന് ഡിജിറ്റൽ ടെക്സ്റ്റ്, ഇ-ലേണിംഗ്, മൾട്ടിമീഡിയ സംവിധാനങ്ങൾ എന്നിവയിൽ പ്രാവീണ്യം നേടി.

പിന്നോക്കക്കാരായ വിദ്യാർത്ഥികൾക്കും പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കും അനുയോജ്യമായ പ്രോഗ്രാംസ് വികസിപ്പിക്കൽ.

### പ്രതീക്ഷിത നേട്ടങ്ങൾ

- ഓരോ ക്ലാസ്സ്റൂമും സമഗ്രവികസനത്തിലേക്ക്
- സ്കൂളിലെ ഇന്റർനെറ്റ് - വൈഫൈ സൗകര്യങ്ങൾ എല്ലാവരിലേക്കും.
- പഠനപ്രക്രിയ ആധുനികവൽക്കരിക്കുന്നു.
- പഠനത്തിൽ താല്പര്യമുളവാക്കുന്നു.

- കുട്ടിയുടെ പഠനം ക്ലാസ്മുറിയുടെ അകം ചുവരിൽ ഒതുങ്ങാതെ പുറം ലോകത്തേക്ക്.

വിജ്ഞാന വിസ്ഫോടനം

സ്കൂൾ കുട്ടികൾ നടത്തിയ പഠനപ്രവർത്തനങ്ങളുടെ ദൃശ്യാവിഷ്കാരം, ഫോട്ടോകൾ തുടങ്ങിയവ യു-ട്യൂബ് പ്രോഗ്രാമുകളിലേക്ക് upload ചെയ്യാനും അധിക റഫറൻസായി ഇന്റർനെറ്റ് സംവിധാനം പ്രയോജനപ്പെടുത്താനും കഴിയുന്നു.

ഡിജിറ്റൽ data collection, e-magazine തുടങ്ങിയവയുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. പര്യാപ്തമായ പഠനാനുഭവങ്ങളുടെയും പഠനോപാധികളുടെയും കുറവ് പരിഹരിച്ചു.
വ്യത്യസ്ത പഠനാനുഭവങ്ങൾ ലഭിക്കുന്നു. അക്കാദമിക പഠനാനുഭവങ്ങൾ സമഗ്രമാകുന്നു. ICT ഉപയോഗിച്ചുള്ള പഠനം പഠനഭാരം ലഘൂകരിക്കുന്നു.

ഓരോ വിഷയവുമായി ബന്ധപ്പെട്ട് ICT എങ്ങിനെയെല്ലാം ഉപയോഗപ്പെടുത്താമെന്ന് മനസിലാക്കാൻ കഴിയുന്നു.